**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 252** — **22-02-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ ആരോഗ്യസ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മാറ്റി വയ്ക്കപ്പെട്ട തുക വിനിയോഗിച്ച് മണലൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിലെ സ്ഥാപനമായ പ്രഥമികാരോഗ്യ കേന്ദ്രം കണ്ടാണശ്ശേരിയിൽ ബഹു. മണലൂർ എം.എൽ.എ ശ്രീ. മുരളി പെരുനെല്ലിയുടെ ആസ്ഥി വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ പുതിയ ഒ.പി. ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. നിലവിൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ, column pedestal എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം എളവള്ളിയിൽ 24.5 ലക്ഷം രൂപ ചെലവിൽ ലാബ് അടങ്ങുന്ന ഒ.പി.ബ്ലോക്കിന്റെ പുതിയ കെട്ടിട നിർമ്മാണം നടക്കുകയാണ്. 26.07.2021 ലെ സ.ഉ(സാധാ) നം.1555/ 2021/ആകുവ പ്രകാരം മണലൂർ മണ്ഡലത്തിൽ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള ഐസോലോഷൻ വാർഡ് ആരംഭിക്കുന്നതിന് തെരെഞ്ഞെടുത്തിട്ടുള്ളത്. മേൽ പ്രവർത്തിക്കായി പ്രസ്തുത സ്ഥാപനത്തിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിക്കുന്ന നടപടി ബഹു. കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | 140 മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിൽ നിന്നും ഏത് ആരോഗ്യസ്ഥാപനത്തെയാണ് തെരഞ്ഞെടുത്തതെന്നും, പ്രസ്തുത ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ? | (ബി) | മണലൂർ നിയോജക മണ്ഡലത്തിലെ സ്ഥാപനമായ പ്രഥമികാരോഗ്യ കേന്ദ്രം കണ്ടാണശ്ശേരിയിൽ ബഹു. മണലൂർ എം.എൽ.എ ശ്രീ. മുരളി പെരുനെല്ലിയുടെ ആസ്ഥി വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ പുതിയ ഒ.പി. ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. നിലവിൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ, column pedestal എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം എളവള്ളിയിൽ 24.5 ലക്ഷം രൂപ ചെലവിൽ ലാബ് അടങ്ങുന്ന ഒ.പി.ബ്ലോക്കിന്റെ പുതിയ കെട്ടിട നിർമ്മാണം നടക്കുകയാണ്. 26.07.2021 ലെ സ.ഉ(സാധാ) നം.1555/ 2021/ആകുവ പ്രകാരം |

| | | | |
|---|---|---|---|
| | | | മണലൂർ മണ്ഡലത്തിൽ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള ഐസോലോഷൻ വാർഡ് ആരംഭിക്കുന്നതിന് തെരെഞ്ഞെടുത്തിട്ടുള്ളത്. മേൽ പ്രവർത്തിക്കായി പ്രസ്തുത സ്ഥാപനത്തിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിക്കുന്ന നടപടി ബഹു. കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ